I. ഇ.ബി. XV-കേരള നിയമസഭ/XVI-1

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2026 ജനുവരി 20, ചൊവ്വ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2026 ജനുവരി 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ഗവർണ്ണറുടെ പ്രസംഗം

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേകറെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി,

അഡീഷണൽ ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണ്ണറെ സ്വാഗതം ചെയ്തു. തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി എന്ന ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ വേദിയിലേക്ക് ആനയിച്ചു.

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാൻഡ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്തതിനുശേഷം രാവിലെ 9.00 മണിക്ക് പ്രസംഗം ആരംഭിക്കുകയും 10.52-ന് പൂർത്തിയാക്കുകയും ചെയ്തു.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാൻഡ് ദേശീയഗാനവാദനം മുഴക്കി.

തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി എന്ന ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അധ്യക്ഷതയിൽ യോഗം തുടർന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭയെ അഭിസംബോധന ചെയ്ത് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ 12, 15, 16 ഖണ്ഡികകളിൽ ചില കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരുത്തിയിട്ടുണ്ട്. പ്രസ്തുത തിരുത്തലുകൾ വരുത്താതെ മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം ആധികാരിക നയപ്രഖ്യാപന പ്രസംഗമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## II റൂളിങ്

<u>നയപ്രഖ്യാപന പ്രസംഗത്തിലെ തിരുത്തലുകൾ സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് ഗവർണ്ണർ സർക്കാരിനുവേണ്ടി മന്ത്രിസഭ അംഗീകരിച്ച പ്രസംഗമാണ് നടത്തുന്നത്. അതിൽനിന്ന് വിട്ടുപോകുന്നതോ വ്യതിചലിക്കുന്നതോ ആയിട്ടുള്ള പരാമർശങ്ങൾ ഔദ്യോഗികമായി അംഗീകരിക്കുന്നതല്ല സഭയുടെ കീഴ്വഴക്കം. മുൻകാലങ്ങളിൽ സമാന സന്ദർഭങ്ങളിൽ സഭാധ്യക്ഷന്മാർ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുള്ളതാണ്. മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച പരാമർശങ്ങളുടെ കാര്യത്തിലും മുൻ തീരുമാനം തന്നെയാണ് നിലനിൽക്കുന്നത്.

സ്പീക്കറുടെ നിർദ്ദേശാനുസരണം ഗവർണ്ണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച 2026 ജനുവരി മാസം 22-ാം തീയതി ആരംഭിക്കുന്നതാണെന്നും നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന അംഗങ്ങൾ 2026 ജനുവരി 21-ാം

തീയതി ബുധനാഴ്ച രാവിലെ 10.00 മണിക്ക് മുമ്പായി പ്രസ്തുത ഭേദഗതികൾ നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

(സഭ രാവിലെ 11.06-ന് പിരിഞ്ഞു.)

* * * * * * * * * *